Chief Minister (Sri C. Kesavan):
(a) Ten.
(b) Yes.
(c) The matter is under correspondence with the Central Government.

INSPECTORS OF POLICE

*542 [28] **Sri. E. P. Poulose:** Will the Hon'ble the Chief Minister be pleased to state:—

(a) the number of vacancies in the places of first and second grade Inspectors of Police now kept vacant; and

(b) how long is it since the vacancies occurred?

Chief Minister (Sri. C. Kesavan):
(a) There is at present no such rank as Inspector of Police.
(b) Does not arise in view of answer to (a).

മന്ത്രിമാരുടെ സഞ്ചിത്

*൪൫൩. (൨൯) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ ദയവു ചെയ്ത് ഉത്തരം പറയുമോ.—

(൭) ബഹുമാനപ്പെട്ട മന്ത്രിമാർ ആരെങ്കിലും സ്വന്തമായി ചെലവുചെയ്തതിനു ശേഷം അതാതു സമയത്തെ എം.എൽ.എ. മാരെ അറിയിക്കണമെന്ന് നിബന്ധനയില്ലേ;

(ബി) ഈ നിബന്ധന പാലിക്കപ്പെടാറുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി & സി) ഉദിക്കുന്നില്ല.

മസ്കറ്റ് ഹോട്ടൽ

*൪൫൪. (൩൦) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ ദയവു മറുപടി പറയുമോ.—

(എ) ഇപ്പോൾ മസ്കറ്റ് ഹോട്ടൽ നടത്തുന്ന കെട്ടിടം ആരുടെ വകയാണ്;

(ബി) ആ ഹോട്ടൽ ഇപ്പോൾ നടത്തുന്നത് ആരാണ്;

(സി) ഈ സംസ്ഥാനത്തെ എല്ലാ ഗവണ്മെന്റ് ഹൈസ്കൂളും ടി. ബി. കളും അദ്ദേഹത്തിനു വിട്ടുകൊടുക്കുവാൻ ആലോചനയുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഗവണ്മെന്റ് വകയാണ്.

(ബി) ന്യൂഡെൽഹിയിൽ യുണൈറ്റഡ് കാർപ്പറേഷൻ എന്ന നാമധേയത്താലറിയപ്പെടുന്ന ഒരു കമ്പനിയുടെ മാനേജിംഗ് ഉടമസ്ഥൻ എന്ന നിലയിൽ ശ്രീ. കെ. ആർ. ജി. മേനോൻ പ്രസ്തുത ഹോട്ടൽ നടത്തിവരികയാണ്.

(സി) ഒരു വ്യക്തിക്കും ഇപ്രകാരം വിട്ടുകൊടുക്കുവാൻ ആലോചനയില്ല.

ഇൻക്രിമെന്റിനുശേഷം നിയമനം

*൪൫൫. (൩൩) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ ദയവു മറുപടി നൽകുമോ.—

പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മുഖാന്തരം ഇൻക്രിമെന്റ് കഴിഞ്ഞു എത്രകാലം കഴിഞ്ഞാണ് ഉദ്യോഗക്കയറ്റം കൊടുക്കുക എന്നു വല്ല തീർപ്പും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Page 1

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല. കഴിയുന്നതും വേഗത്തിൽ.

പഞ്ചായത്ത് ഡിലിമിറ്റേഷൻ

*൪൯൩. (൯൪) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്തുകളുടെ ഡിലിമിറ്റേഷൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഐക്യസംസ്ഥാനത്തിൽ ഓരോ ഡിസ്ട്രിക്ടിലും എത്ര പഞ്ചായത്തുകൾ ഉണ്ടാകുമെന്നറിയാമോ;

(സി) ഐക്യസംസ്ഥാനത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്ത് ഏതു;

(ഡി) അവിടത്തെ ജനസംഖ്യയെത്ര;

(ഇ) ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള പഞ്ചായത്തേത്;

(എഫ്) അവിടത്തെ ജനസംഖ്യയെത്ര?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

എ.യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറ്റു ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ലെവിസിസ്റ്റം

*൪൯൭. (൯൯) ശ്രീ. പി. കെ. കുമാരൻതുച്ചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ലെവിസിസ്റ്റം അനുസരിച്ചു നെല്ല സംഭരിക്കണമെന്നു ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എവ;

(സി) ലെവിസിസ്റ്റം നടപ്പിൽ വരുത്തുന്നതുകൊണ്ടു ഈ രാജ്യത്തെ ജനങ്ങൾക്ക് എന്തു പ്രയോജനമുണ്ടാകുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ടു.

(ബി) ഈ പദ്ധതികൊണ്ടു കർഷകർക്ക് കൂടുതൽ സൌകര്യവും, കൃഷ്യുല്പാദനത്തിനു പ്രോത്സാഹനവും സിദ്ധിക്കുമെന്നും ഗവണ്മെണ്ടിനു കൂടുതൽ നെല്ലുസംഭരിക്കുവാൻ കഴിയുമെന്നും ഉള്ള വിശ്വാസംകൊണ്ടു.

(സി) ബി.യുടെ മറുപടി നോക്കുക.

സംയോജനം

*൪൮൫. (൯൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിനൽകുമോ.—

(എ) കൊച്ചിയിലേയും തിരുവിതാംകൂറിലേയും എതെല്ലാം ഡിപ്പാർട്ട്മെണ്ടുകളുടേയും അവയിലെ സബ്ബിന്നുകളുടേയും സംയോജനം കഴിഞ്ഞിട്ടുണ്ടു;

(ബി) ഇനിയും സംയോജനം പൂർത്തിയാക്കാത്തതിന്റെ കാരണം എന്താണു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെണ്ടു ഒഴികെ മറ്റെല്ലാ ഡിപ്പാർട്ടുമെണ്ടുകളുടേയും സംയോജനം പൂർത്തിയ

LIBRARY ARCHIVES Kerala Legislative Assembly